**പതിമൂന്നാം കേരളനിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 5108 02.07.2013 ൽ മറുപടിയ്ക്ക്**

## അനർട്ടിന്റെ പാരമ്പര്യേതര ഊർജ്ജ ഉപകരണങ്ങൾ ഉപയോഗിച്ചുള്ള വൈദ്യുതീകരണ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) അനർട്ടിന്റെ 2012-13 ലെ പാരമ്പര്യേതര ഊർജ്ജ ഉപകരണങ്ങൾ ഉപയോഗിച്ചുള്ള വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി എത്ര തുക വകയിരുത്തി; | (എ) 30.8 കോടി രൂപ |
| (ബി) സൗരോർജ്ജ റാന്തലുകൾ വാങ്ങുവാൻ എത്ര തുക ചെവഴിച്ചു; ഏത് ഏജൻസിയിൽ നിന്നാണ് സൗരോർജ്ജ റാന്തലുകൾ വാങ്ങിയത്; | (ബി) 1,05,00,000/- രൂപ. സെക്കന്തരാബാദിലെ സുരാന ടെലികോം & പവർ ലിമിറ്റഡ്, തിരുവനന്തപുരത്തെ അമ്മണി സോളാർ പ്രൈവറ്റ് ലിമിറ്റഡ്. |
| (സി) വീടുകളിലെ വൈദ്യുതീകരണ സംവിധാനങ്ങൾക്കായി എത്ര തുക ചെലവഴിച്ചു; ഏത് ഏജൻസിക്കാണ് കരാർ നൽകിയത്; | (സി) 32,83,829/- രൂപ വീടുകളിലെ വൈദ്യുതീകരണ സംവിധാനങ്ങൾക്കായി ഇതുവരെ ചെലവഴിച്ചു. ഏജൻസികൾക്ക് കരാർ നൽകിയിട്ടില്ല. അനെർട്ട് ലിസ്റ്റ് ചെയ്യപ്പെട്ട കമ്പനികളിൽ നിന്നും ഉപഭോക്താവ് നേരിട്ട് കരാർ ഉറപ്പിക്കുകയാണ്. |
| (ഡി) റോഡുകളിലെ സൗരോർജ്ജ വഴിവിളക്കുകൾ സ്ഥാപിക്കുവാൻ എത്ര തുക ചെലവഴിച്ചു; ഏത് ഏജൻസിക്കാണ് കരാർ നൽകിയത്; | (ഡി) സൗരോർജ്ജ വഴിവിളക്കുകൾക്കായി തുക ചെലവഴിച്ചിട്ടില്ല. പദ്ധതി നിർവ്വഹണം പുരോഗതിയിലാണ്. ഹരിയാനയിലെ യു.എം. ഗ്രീൻ ലൈറ്റിംഗ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്കാണ് കരാർ നൽകിയത്. |
| (ഇ) ഈ പദ്ധതിയിൽ ഉൾപ്പെട്ട ഓഫ് ഗ്രിസ്-സ്റ്റാൻ ലോൺ സോളാർ പി.വി. ആപ്ലിക്കേഷൻ എന്ന ഘടക പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്താണ്; ഇതിനായി | (ഇ) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.<br>കേരളം രൂക്ഷമായ ഊർജ്ജ പ്രതിസന്ധി നേരിടുന്ന ഈ കാലഘട്ടത്തിൽ |

| | |
|---|---|
| എത്ര തുക ചെലവഴിച്ചു; ഏത് ഏജൻസി മുഖേനയാണ് ഇതു നടപ്പിലാക്കുന്നത്; | പരമ്പരാഗത ഊർജ്ജ ഉത്പാദന രീതികളിൽ നിന്ന് വ്യത്യസ്തമായി എന്നാൽ അന്തരീക്ഷ മലിനീകരണം പരമാവധി കുറച്ച് നവീനമായ ഊർജ്ജ ഉത്പാദന സങ്കേതങ്ങൾ തേടുന്നതിന്റെ ഭാഗമായാണ് അനെർട്ട് 10000 സൗരഗൃഹ പദ്ധതിയുമായി മുന്നോട്ടുവന്നിട്ടുള്ളത്. ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ ഊർജ്ജ ദൗർലഭ്യം ഒരു പരിധിവരെയെങ്കിലും ലഘൂകരിക്കുന്നതിനും ഭാവിയിൽ കൂടുതൽ ജനങ്ങളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിന് ഒരു മാർഗദീപം എന്ന നിലയ്ക്കാണ് അനെർട്ട് ഈ പദ്ധതിയെ കാണുന്നത്. ഇതിനായി നാളിതുവരെ 32,83,829/- രൂപ ചെലവഴിച്ചു കഴിഞ്ഞു. അനെർട്ട് ലിസ്റ്റ് ചെയ്തിട്ടുള്ള 25 കമ്പനികളിൽ നിന്നും ഒരു കമ്പനിയെ ഉപഭോക്താവിന് തെരഞ്ഞെടുക്കാവുന്നതാണ്. |
| (എഫ്) ഈ പദ്ധതിയിൽ ഉൾപ്പെട്ട സോളാർ ഫോട്ടോ വോൾടാക് ഗ്രിഡുമായി ബന്ധിച്ച പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി എത്ര തുക ചെലവഴിച്ചു;<br><br>(ജി) ഈ പദ്ധതി നടത്തിപ്പിന് ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളത്; വിശദമാക്കുമോ? | <u>(എഫ്) ഉം (ജി)യും</u><br>ഗ്രിഡുമായി ബന്ധിച്ച സോളാർ ഫോട്ടോ വോൾട്ടായിക്ക് പവർപ്ലാന്റുകൾ സ്ഥാപിക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**